"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — വേങ്ങാട് ഗ്രാമപഞ്ചായത്ത് - 2008-09, 2009-10, 2010-11 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.12 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

G.O.(Rt)No.598/2025/LSGD തീയതി,തിരുവനന്തപുരം, 04-03-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 10.04.2019 ലെ പി എ എൻ/2909/2019- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 01.11.2019 ലെ ഡി.കെ.എസ്.എ/ 2595/2019/പി.റ്റി3 നമ്പർ കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.11.2023 ലെ LSGD/PD/27697/2023-AM3 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമ പഞ്ചായത്തിൽ മണ്ണിര കമ്പോസ്റ്റ് ടാങ്കിന് സബ്സിഡി നൽകിയത് ടി പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്തതിനാലും സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കാത്തതിനാലും പദ്ധതിക്കായി ചെലവഴിച്ച 20,000/- രൂപ 2008-09, 2009-10, 2010-11 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-12 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. മുൻവർഷങ്ങളിലെ തുടർച്ചയായാണ് ഗ്രാമപഞ്ചായത്ത് ടി പ്രവൃത്തി നടപ്പിലാക്കിയതെന്നും വനിതകൾക്ക് സ്വയം തൊഴിൽ എന്ന നിലയിൽ നടത്തിയ ടി പ്രവർത്തിയിലൂടെ 10 വനിതകൾക്ക് സ്വയം തൊഴിൽ നൽകുന്നതിനും വനിതകൾക്ക് കൃഷിയോട് ആഭിമുഖ്യമുണ്ടാക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ടെന്നും മാത്രമല്ല ഈ പദ്ധതി പ്രകാരം നിർമ്മിച്ച മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളിൽ നിന്നും തുടർ വർഷങ്ങളിൽ കർഷകർക്കായി കമ്പോസ്റ്റ് ശേഖരണവും നടത്താൻ സാധിച്ചിട്ടുണ്ടെന്ന് പഞ്ചായത്തിന് ഉത്തമ ബോദ്ധ്യമുണ്ടെന്നും ആയതിനാൽ മാലിന്യ നിർമ്മാർജ്ജനത്തിലൂടെ ജൈവവള നിർമ്മാണം എന്ന പ്രവർത്തനത്തിന്റെ ഭാഗവുമായ ടി പ്രവർത്തിക്ക് വേണ്ടി ചെലവഴിച്ച 20,000/- രൂപയ്ക്ക് സാധൂകരണം നൽകണമെന്നും പരാമർശം (1) പ്രകാരം ഡയറക്ടർ , തദ്ദേശ

സ്വയംഭരണ വകുപ്പ് (റൂറൽ )ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3. ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ മുൻ വർഷങ്ങളിൽ പരാമർശ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടെന്നും ആയതിന് സബ്സിഡി നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് തടസ്സം ഉണ്ടായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

4. പ്രോജക്ട് നടപ്പിലാക്കിയതിൽ പഞ്ചായത്തിനോ സർക്കാരിനോ യാതൊരു നഷ്ടവും ഉണ്ടായിട്ടില്ലായെന്ന് വിലയിരുത്തിയിട്ടുള്ളതിനാലും ഈ പദ്ധതിമൂലം പത്ത് വനിതകൾക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്നും വനിതകൾക്ക് കാർഷിക വൃത്തിയോട് ആഭിമുഖ്യം ഉണ്ടാക്കുന്നതിന് കഴിഞ്ഞെന്നും അറിയിച്ചിട്ടുള്ളതിനാലും പ്രസ്തുത ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്കോ, സർചാർജ്ജ് നടപടികൾക്കോ ശിപാർശ ചെയ്തിട്ടില്ലാത്തതിനാലും ഭാവിയിൽ സർക്കാർ ഉത്തരവുകൾ ലംഘിച്ചുകൊണ്ട് പ്രോജക്ടുകൾ നടപ്പിലാക്കരുത് എന്ന നിർദ്ദേശത്തോടുകൂടി മേൽ ചെലവിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2008-09, 2009-10 & 2010-11 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-12 പ്രകാരം തടസ്സപ്പെടുത്തിയ 20,000/- രൂപയുടെ (ഇരുപതിനായിരം രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വേങ്ങാട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/34/2019-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 04-03-2025 12:12:38
സെക്ഷൻ ഓഫീസർ